**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 151** **22-07-2021 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണത്തിൽ കുറവുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് കരകൗശല മേഖലയിലും ബീഡി നിർമ്മാണ മേഖലയിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണത്തിൽ കുറവ് സംഭവിക്കുന്നുണ്ട്. പുതിയ തലമുറയിൽപ്പെട്ടവർ ഈ മേഖലയിൽ കടന്നു വരുന്നതിന് വൈമുഖ്യം കാണിക്കുന്നതാണ് ഇതിനു കാരണം. ഈറ്റ തൊഴിലാളികളുടെയും പന ഉൽപന്ന വികസന മേഖലയിലെ തൊഴിലാളികളുടേയും ഖാദി മേഖലയിലെ തൊഴിലാളികളുടേയും കൈത്തറി വസ്ത്ര മേഖലയിലെ തൊഴിലാളികളുടേയും എണ്ണത്തിൽ കുറവ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കയർ വ്യവസായ മേഖലയിൽ 2016-17 നും 2020-21 നും ഇടയിൽ തൊഴിലാളികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; പരമ്പരാഗത വ്യവസായങ്ങളിൽ യുവതലമുറയെ ആകർഷിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) | പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി കയർ, കശുവണ്ടി കൈത്തറി മേഖലയിൽ ആധുനിക യന്ത്ര സാമഗ്രികൾ ഘടിപ്പിച്ചു ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും അധ്വാന ഭാരം കുറയ്ക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിന്റെ ഭാഗമായി യുവതലമുറയെ പരമ്പരാഗത വ്യവസായങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിന് സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പരമ്പരാഗത വ്യവസായങ്ങൾ പുതിയ ഉൽപന്നങ്ങളിലേക്ക് വൈവിധ്യവൽക്കരിക്കാനും ഫലപ്രദമായ വിപണന വിതരണ തന്ത്രങ്ങൾ ആവിഷ്കരിക്കാനും സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ? | (സി) | പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി കയർ, കശുവണ്ടി കൈത്തറി മേഖലയിൽ ആധുനിക യന്ത്ര സാമഗ്രികൾ ഘടിപ്പിച്ചു ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും അധ്വാന ഭാരം കുറയ്ക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിന്റെ ഭാഗമായി യുവതലമുറയെ പരമ്പരാഗത വ്യവസായങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിന് സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ